**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2721** **03-08-2021 - ൽ മറുപടിയ്ക്ക്**

**സുഗന്ധവിളകളുടെ വികസനത്തിനായി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് ,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ . ഷാഫി പറമ്പിൽ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സുഗന്ധവിളകളുടെ വികസനത്തിനായി കഴിഞ്ഞ സർക്കാർ എന്തെങ്കിലും പദ്ധതി പ്രഖ്യാപിച്ചിരുന്നോ; വിശദാംശം നൽകാമോ; | (എ) | സംസ്ഥാനത്ത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2020-21 സാമ്പത്തിക വർഷത്തിൽ സുഗന്ധ വിളകളായ കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ജാതി, ഗ്രാമ്പൂ എന്നീ വിളകളുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് ധനസഹായം, കുരുമുളകിന്റെ വികേന്ദ്രീകൃത നഴ്സറികൾക്ക് ധനസഹായം, നിലവിലുള്ള കുരുമുളകു തോട്ടങ്ങളുടെ പുനരുജ്ജീവനം, ഇടുക്കി ജില്ലയിലെ കുരുമുളകിന്റെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികളായ കുരുമുളക് കൃഷി കൂടുതൽ പ്രദേശത്തേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള സഹായം, കർഷകർ വികസിപ്പിച്ചെടുത്ത ഇനങ്ങളുടെ പ്രദർശനത്തോട്ടത്തിന് ധനസഹായം, സൂക്ഷ്മമൂലകങ്ങൾക്കും, സെക്കന്ററി മൂലകങ്ങൾക്കുമുള്ള ധനസഹായം, മണ്ണ് സാമ്പിൾ ശേഖരണം, സോയിൽ അമിലിയൊറൻസിന് ധനസഹായം, ദ്രുതവാട്ടത്തിനെതിരെ സ്പ്രേയിംഗ് നടത്തുന്നതിന് ധനസഹായം, കുരുമുളകുസമിതികളുടെ പുനരുജ്ജീവനം എന്നിവ നടപ്പിലാക്കിയിരുന്നു. കൂടാതെ ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ മുഖേന പ്രോജക്ട് അടിസ്ഥാനത്തിൽ നഴ്സറികൾ ആരംഭിക്കുന്നതിനും, ധനസഹായം നൽകിയിട്ടുണ്ട്. തലനാടൻ ഗ്രാമ്പൂവിന് ഭൗമസൂചികാപദവി ലഭിക്കുന്നതിന് വേണ്ട നടപടിക്കായി കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയ്ക്കും ധനസഹായം നൽകിയിട്ടുണ്ട്. ഇപ്രകാരം 2020-21 വർഷത്തിൽ സുഗന്ധവിളവികസന പദ്ധതിക്കായി 983.08922 ലക്ഷം രൂപ ചിലവഴിച്ചു. |
| (ബി) | ഏതൊക്കെ സുഗന്ധ വിളകളുടെ കൃഷിക്കാണ് ഊന്നൽ നൽകിയതെന്ന് വ്യക്തമാക്കാമോ; ഇതിൽ നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ; | (ബി) | സുഗന്ധവിളകളായ കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ജാതി, ഗ്രാമ്പൂ എന്നീ വിളകളുടെ കൃഷിക്കാണ് ഊന്നൽ നൽകിയത്. ഈ പദ്ധതി പ്രകാരം 1245 |

| | | | |
|---|---|---|---|
| | | | ഹെക്ടറിൽ കുരുമുളകിന്റെ കൃഷി വിസ്തൃതി വർദ്ധിപ്പിക്കൽ, 240 ഹെക്ടറിൽ ഇഞ്ചി, മഞ്ഞൾ എന്നിവയുടെ കൃഷി വ്യാപനം, 47.244 ഹെക്ടറിൽ ജാതി, ഗ്രാമ്പൂ എന്നിവയുടെ കൃഷി വ്യാപനം, 1300 ഹെക്ടറിൽ കുരുമുളകിന്റെ ദ്രുതവാട്ടത്തിനെതിരെ സ്പ്രേയിംഗ്, 1000 ഹെക്ടറിൽ സെക്കന്ററി സൂക്ഷ്മ മൂലകങ്ങൾ ഉപയോഗിക്കുന്നതിന് ധനസഹായം, 214 ഹെക്ടറിൽ വെള്ളപ്പൊക്ക ബാധിത മേഖലകളിലെ ജാതി കൃഷിയുടെ പുനരുദ്ധാരണം, കുരുമുളക് സമിതികളുടെ പുനരുജ്ജീവനം എന്നിവ പദ്ധതി മുഖേന നടപ്പിലാക്കി. |
| (സി) | സുഗന്ധവിള വികസന പദ്ധതിയുടെ ഭാഗമായി അന്താരാഷ്ട്ര മാർക്കറ്റിൽ വിപണി കണ്ടെത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ;? | (സി) | കൃഷി വകുപ്പ് 2020-21 വർഷം നടപ്പിലാക്കിയ സുഗന്ധവിള വികസന പദ്ധതിയിൽ വിപണനം ഒരു ഘടകമല്ലായിരുന്നു. സുഗന്ധവിളകളുടെ മൂല്യവർദ്ധനവ്, അന്താരാഷ്ട്ര മാർക്കറ്റിൽ മാർക്കറ്റ് കണ്ടെത്തൽ തുടങ്ങിയ സുഗന്ധവിളകളുമായി ബന്ധപ്പെട്ട കാര്യങ്ങൾ കേന്ദ്രഗവൺമെന്റ് സ്ഥാപനമായ Spices Board -ന്റെ നേതൃത്വത്തിൽ കൈക്കൊള്ളുന്നുണ്ട്. |

സെക്ഷൻ ഓഫീസർ